# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

16 സെപ്റ്റംബർ 2020, പുസ്തകം 40, ലക്കം 19


## മലർമൊഴി


സന്തോഷത്തിന്റെ ഒരു വാതിൽ അടയുമ്പോൾ എപ്പോഴും മറ്റൊന്ന് തുറക്കുന്നു. അടഞ്ഞ വാതിലിൽതന്നെ നോക്കിനിൽക്കുന്നതുകൊണ്ടാണ് തുറന്ന വാതിൽ നാം കാണാത്തത്.

**ഹെലൻ കെല്ലർ**

ജനിച്ച് പത്തൊമ്പതു മാസം മാത്രം പ്രായമായപ്പോൾ കാഴ്ചയും കേൾവിയും നഷ്ടപ്പെട്ട ഹെലൻകെല്ലർ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധനേടിയ വ്യക്തിയാണ്. ഭിന്നശേഷിയുള്ള വ്യക്തിയായിട്ടും അവർ സ്വയം പഠിക്കുകയും സർവകലാശാലാ ബിരുദം നേടുകയും ചെയ്തു. 'ദി സ്റ്റോറി ഓഫ് മൈ ലൈഫ്' എന്ന അവരുടെ ആത്മകഥ വളരെ പ്രസിദ്ധമാണ്. ഇത് കൂടാതെയും




Editor **T.K. Ubaid** Executive Editor **P.A. Nazimudeen** • Sub Editor **Mehd Maqbool**
Layout & Graphics **Alikoya** • Technical Support **Fahis Ali**
Cover **Thamanna sithara** • e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555 • Manager Tele 0495 2730073 • e-mail managerprabodhanamclt@gmail.com




കനപ്പെട്ട രചനകൾ അവരുടേതായിട്ടുണ്ട്. എല്ലാ സാമൂഹ്യ പ്രശ്നങ്ങളിലും അവർ ക്രിയാത്മകമായി ഇടപെടുകയും ശുഭാപ്തി വിശ്വാസം മറ്റുള്ളവരിലേക്ക് എത്തിക്കുകയും ചെയ്തു.

ബ്രയിലി ലിപിയിലൂടെയാണ് അവർ വായിച്ചതും പഠിച്ചതും. അന്ധരും ബധിരരുമായ ആളുകളുടെ ഉയർച്ചക്കായി ഒട്ടേറെ പദ്ധതികൾ അവർ ആവിഷ്ക്കരിച്ചു.

മനുഷ്യജീവിതത്തിന് ഒട്ടേറെ സാധ്യതകൾ ഉണ്ട് എന്നാണ് കെല്ലർ പറയുന്നത്. എന്തെങ്കിലും വലിയ ഒരു പ്രശ്നമോ, വിപത്തോ വരുമ്പോൾ എല്ലാം താറുമാറായതായി നമുക്ക് തോന്നുന്നു. പക്ഷേ അത് ഒരു താൽക്കാലിക പ്രതിഭാസം മാത്രമായിരിക്കാം. അടഞ്ഞ വാതിലിലേക്ക് നോക്കിയിരിക്കാതെ തുറന്നവാതിൽ തിരയുകയാണ് നാം ചെയ്യേണ്ടത്.

● പി.എ.എൻ

## അഞ്ച് നദികളുടെ നാട്

**1969** നവംബർ ഒന്നിനാണ് ഇന്നത്തെ രൂപത്തിലുള്ള പഞ്ചാബ് സംസ്ഥാനം രൂപം കൊണ്ടത്. പഞ്ചാബ് എന്ന വാക്കിന് അഞ്ച് നദികൾ എന്നാണ് അർത്ഥം. സത്‌ലജ്, രവി, ബിയാസ്, ഝലം, ചെനാബ് എന്നിവയാണ് പ്രധാനപ്പെട്ട ആ അഞ്ച് നദികൾ.



▸▸ ഇന്ത്യയിൽ ആദ്യമായി രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയ സംസ്ഥാനം– പഞ്ചാബ്(1951)